**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4156** **18-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ കുടുംബ സഹായ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വരുമാനദായകനായ കുടുംബനാഥൻ മരണപ്പെട്ടാൽ, കുടുംബത്തിന് നൽകി വന്നിരുന്ന ധനസഹായ പദ്ധതിയായ ദേശീയ കുടുംബ സഹായ നിധി (എൻ.എഫ്.ബി.എസ്) ഇപ്പോൾ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഏതു വർഷം മുതലാണ് ഇത് ലഭിക്കാതായതെന്നും അതിനുള്ള കാരണവും വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ധനസഹായ പദ്ധതിയായ ദേശീയ കുടുംബ സഹായ പദ്ധതി (NFBS)യുടെ അലോട്ട് മെന്റ് 2020-21-ലാണ് അവസാനമായി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാം ക്വാർട്ടർ വിഹിതമായി (2020 ഏപ്രിൽ മുതൽ ജൂൺ വരെ) 177.69 ലക്ഷം രൂപയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. തുടർന്ന് 60825-ൽ കൂടുതൽ അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുള്ളതിനാൽ, 128.0246 കോടി രൂപ കൂടി അധികമായി ആവശ്യമുള്ളതായി ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി തുക കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (ബി) | പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് വേണ്ട തുക ലഭ്യമാക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ